REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ആണവഭീഷണി ഇനിയും സഹിക്കേണ്ടതില്ലെന്ന ശക്തമായ തീരുമാനം ഇന്ത്യ സ്വീകരിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഡൽഹിയിൽ 11,000 കോടിയോളം രൂപയുടെ രണ്ട് പ്രധാന ദേശീയ പാത പദ്ധതികൾ ഉദ്ഘാടനം ചെയ്യും.**
- **US പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെയും, റഷ്യൻ പ്രസിഡന്റ് വ്ളാഡ്മിർ പുടിന്റെയും ഉച്ചകോടി അവസാനിച്ചു.**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യത- ഒമ്പത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്ന് മുന്നറിയിപ്പ്.**
- **തൃശൂർ - എറണാകുളം ദേശീയ പാതയിൽ ഇന്നലെ രാത്രി ആരംഭിച്ച ഗതാഗതക്കുരുക്ക് തുടരുന്നു.**

## വാർത്തകൾ വിശദമായി

ആണവഭീഷണി ഇനിയും സഹിക്കേണ്ടതില്ലെന്ന ശക്തമായ തീരുമാനം ഇന്ത്യ സ്വീകരിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അറിയിച്ചു. ഇന്ത്യക്കെതിരെ ആണവായുധം ഉപയോഗിക്കുമെന്ന ഭീഷണി ഇനി വിലപ്പോവില്ലെന്നും അദ്ദേഹം ഇന്നലെ ചുവപ്പുകോട്ടയിലെ സ്വാതന്ത്ര്യദിന ചടങ്ങിൽ വ്യക്തമാക്കി.

രാജ്യത്തെ ഉണ്ടാകുന്ന അനധികൃത കുടിയേറ്റം ഏറ്റവും വലിയ സാമൂഹ്യ ഭീഷണിയാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഇത്തരം കുടിയേറ്റം തടയാൻ ഉന്നതാധികാര ഡെമോഗ്രഫി മിഷൻ രൂപീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

പ്രധാൻമന്ത്രി വികസിത് ഭാരത് റോസ്ഗർ യോജനയിലൂടെ യുവജന ശാക്തീകരണം ലക്ഷ്യമിടുന്നതായി പ്രധാനമന്ത്രി വ്യക്തമാക്കി. പദ്ധതിയിലൂടെ പുതിയതായി തൊഴിൽ ലഭിക്കുന്ന യുവാക്കൾക്ക് 15,000 രൂപ വീതം നൽകുമെന്നും മൂന്നുകോടി ഇന്ത്യൻ യുവാക്കളെയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നതെന്നും പ്രധാനമന്ത്രി അറിയിച്ചു.

നുഴഞ്ഞുകയറ്റത്തിലൂടെ രാജ്യത്തെ യുവതലമുറയുടെ ഉപജീവന വിഭവങ്ങൾ തട്ടിയെടുക്കാനും, നാടിന്റെ സാമൂഹ്യക്രമം മാറ്റിമറിയ്ക്കാനും ഗൂഢശ്രമം നടക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. ആദിവാസികളുടെ ഭൂമി തട്ടിയെടുക്കുകയും, സഹോദരിമാരെയും പെൺമക്കളെയും ലക്ഷ്യമിടുകയും ചെയ്യുന്ന നുഴഞ്ഞുകയറ്റക്കാരുടെ ഭീഷണി വെല്ലുവിളിയായി മാറിക്കഴിഞ്ഞെന്നും പ്രധാനമന്ത്രി വിലയിരുത്തി. അതിർത്തികളിലെ സാമൂഹികവും ജനസംഖ്യാപരവുമായ മാറ്റങ്ങൾ ദേശീയസുരക്ഷയ്ക്ക് വൻ ഭീഷണിയാണെന്നും നരേന്ദ്രമോദി പറഞ്ഞു.

✪✪✪

ശ്രീകൃഷ്ണ ജന്മാഷ്ടമി ദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും രാജ്യത്തെയും വിദേശത്തെയും വിശ്വാസികൾക്ക് ആശംസകൾ നേർന്നു. ശ്രീകൃഷ്ണന്റെ ജീവിതവും ഉപദേശങ്ങളും ആളുകളെ സ്വയം വികസനത്തിലേക്കും സ്വയം സാക്ഷാത്കാരത്തിലേക്കും നയിക്കുമെന്ന് രാഷ്ട്രപതി പറഞ്ഞു.

വിശ്വാസത്തിന്റെയും സന്തോഷത്തിന്റെയും ഉത്സാഹത്തിന്റെയും പവിത്രമായ ഉത്സവം ജനങ്ങളുടെ ജീവിതത്തിൽ പുതിയ ഊർജ്ജവും ഉത്സാഹവും നിറയ്ക്കട്ടെ എന്ന് പ്രധാനമന്ത്രി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഡൽഹിയിൽ 11,000 കോടിയോളം രൂപയുടെ രണ്ട് പ്രധാന ദേശീയ പാത പദ്ധതികൾ ഉദ്ഘാടനം ചെയ്യും. ദ്വാരക എക്സ്പ്രസ് വേയുടെ ഡൽഹി ഭാഗവും അർബൻ എക്സ്റ്റൻഷൻ റോഡ് പദ്ധതിയുമാണ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്നത്. മൾട്ടി-മോഡൽ കണക്റ്റിവിറ്റി നൽകുന്നതിനും ഡൽഹിയിലെ തിരക്ക് കുറയ്ക്കുന്നതിനും പദ്ധതികൾ സഹായിക്കും.

✪✪✪

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ഏഴാം ചരമവാർഷികദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ന്യൂഡൽഹിയിലെ സദൈവ് അടൽ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി. 2018 ഓഗസ്റ്റ് 16 നാണ് അദ്ദേഹം അന്തരിച്ചത്.

മൂന്ന് തവണ പ്രധാനമന്ത്രിയായി സേവനമനുഷ്ഠിച്ച വാജ്പേയിയെ, 2015ൽ പരമോന്നത ബഹുമതിയായ ഭാരത് രത്ന സമ്മാനിച്ച് രാജ്യം ആദരിച്ചു.

കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, JP നദ്ദ, കിരൺ റിജിജു, ഗജേന്ദ്ര സിംഗ് ശെഖാവത്ത്, ലോക്സഭാ സ്പീക്കർ ഓം ബിർള, ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

ദേശീയപാതാ അതോറിറ്റിയുടെ വാർഷിക ഫാസ്റ്റാഗ് പാസ് സംവിധാനം നിലവിൽ വന്നു. രാജ്യത്തെ 1,500 ഓളം ടോൾപ്ലാസകളിൽ ഒരു വർഷ കാലാവധിയോടുകൂടിയ പാസ് ഉപയോഗിച്ച് 200 തവണ സഞ്ചരിക്കാൻ കഴിയും. ഒരു ലക്ഷത്തി 40,000 ത്തോളം പേർ ആദ്യദിവസമായ ഇന്നലെ വൈകിട്ട് ഏഴു വരെ പുതിയ ഫാസ്റ്റാഗ് സൗകര്യം പ്രയോജനപ്പെടുത്തിയതായി അതോറിറ്റി അറിയിച്ചു. പാസ് ഉപയോഗിക്കുന്നവർക്ക് സുഗമമായ യാത്ര ഉറപ്പാക്കാൻ ഓരോ ടോൾപ്ലാസയിലും ഹൈവേ അതോറിറ്റി ഉദ്യോഗസ്ഥരെയും നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ടെന്ന് ഗതാഗത മന്ത്രാലയം അറിയിച്ചു. 3,000 രൂപയാണ് പാസിന്റെ വില. വാണിജ്യ വാഹനങ്ങൾക്ക് വാർഷിക പാസ് ബാധകമല്ല.

✪✪✪

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുട്ടിന്റെയും US പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെയും അലാസ്ക ഉച്ചകോടി ഉക്രൈൻ-റഷ്യ സംഘർഷത്തിൽ കരാറിലെത്താതെ അവസാനിച്ചു. ചർച്ചകൾക്ക് ശേഷം സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത വ്ളാഡിമിർ പുടിൻ, സംഘർഷം അവസാനിപ്പിക്കുന്നതിൽ ആത്മാർത്ഥ താൽപ്പര്യമുണ്ടെന്ന് അറിയിച്ചു. ഉക്രൈനും യൂറോപ്പും സമാധാന ചർച്ചകൾ അട്ടിമറിക്കരുതെന്ന് പുടിൻ ആവശ്യപ്പെട്ടു. കൂടിക്കാഴ്ച ഫലപ്രദമായിരുന്നുവെന്നും നിരവധി വിഷയങ്ങളിൽ ധാരണയായെന്നും ഡൊണാൾഡ് ട്രംപ് പറഞ്ഞു.

✪✪✪

രാജ്യത്ത് 25 കോടിയിലധികം കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു.മണ്ണ് പരിശോധനയ്ക്ക് രാജ്യവ്യാപകമായി 8272 ലാബുകൾ സ്ഥാപിച്ചതായും കാർഷിക മന്ത്രാലയം അറിയിച്ചു.

✪✪✪

ഓണവിപണിയിലെ വില നിയന്ത്രിക്കാൻ കൺസ്യൂമർഫെഡ് ഓണച്ചന്തകൾ ഈ മാസം 26 ന് ആരംഭിക്കും. ഏഴ് ദിവസത്തെ ഓണച്ചന്തകൾ സെപ്റ്റംബർ നാലു വരെ തുടരും. സംസ്ഥാനത്ത് 1,800 വിപണന കേന്ദ്രങ്ങളാണ് കൺസ്യൂമർഫെഡ് തുറക്കുന്നത്. 13 നിത്യോപയോഗ സാധനങ്ങൾ വിപണി വിലയേക്കാൾ 30 മുതൽ 50 ശതമാനം വരെ കുറവിൽ ഓണച്ചന്തകളിൽ ലഭ്യമാക്കും.

✪✪✪

അനധികൃത സ്വത്ത് സമ്പാദന കേസിൽ ADGP അജിത് കുമാറിന് മുഖ്യമന്ത്രി ക്ലീൻ ചിട്ട് നൽകിയ റിപ്പോർട്ട് വിജിലൻസ് കോടതി തള്ളിയ സാഹചര്യത്തിൽ മുഖ്യമന്ത്രി രാജിവെക്കണമെന്ന് KPCC പ്രസിഡണ്ട് സണ്ണി ജോസഫ് ആവശ്യപ്പെട്ടു. നിയമ ലംഘനങ്ങളുടെ വകുപ്പായി അഭ്യന്തര വകുപ്പ് മാറിയിരിക്കുകയാണ് എന്നും സണ്ണി ജോസഫ് കണ്ണൂരിൽ ആരോപിച്ചു.

✪✪✪

സംസ്ഥാനത്ത് കാലവർഷം ശക്തമായി തുടരുന്നു. വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കേരളാ കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 60 വരെ കീലോമീറ്റർ വേഗത്തിൽ കാറ്റ് വീശാൻ സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

നീരോഴുക്ക് വർദ്ധിച്ചതിനെ തുടർന്ന് പാലക്കാട് കാഞ്ഞിരപ്പുഴ ഡാമിന്റെ ഷട്ടറുകൾ 15 സെന്റി മീറ്റർ ഉയർത്തി. ശിരുവാണിപ്പുഴ, ഭവാനിപ്പുഴ തീരങ്ങളിൽ താമസിക്കുന്നവർക്ക് ജാഗ്രതാ നിർദ്ദേശം നൽകി. ഭവാനി പുഴയിൽ ഒഴുക്കിൽപ്പെട്ട് കാണാതായ രണ്ടു പേർക്ക് വേണ്ടി തിരച്ചിൽ തുടരുകയാണ്.

✪✪✪

സംസ്ഥാനത്തെ വലിയ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാകാൻ പാലക്കാട് ജില്ലയിൽ കാഞ്ഞിരപ്പുഴ ഒരുങ്ങുകയാണ്. അണക്കെട്ടിനോട് ചേർന്നുള്ള 161 കോടി രൂപയുടെ നിർമാണ പ്രവർത്തികളുടെ ഉദ്ഘാടനം അടുത്തമാസം നടത്തും.

പാലക്കാട് പ്രതിനിധി ഫൈസൽ അലിമുത്ത് ...

.....വോയ്സ്.......

ജലസേചന വകുപ്പിന്റെ വിനോദ സഞ്ചാര നയത്തിന്റ ഭാഗമായുള്ള സംസ്ഥാനത്തെ ആദ്യ പദ്ധതിയാണ് കാഞ്ഞിരപ്പുഴയിൽ നടപ്പാക്കുന്നത്.ഇതിന്റെ ഭാഗമായി ഉദ്യാനവും ജലവിനോദ കേന്ദ്രവുമാണ് നിർമ്മിക്കുന്നത്. കുട്ടികളുടെ പാർക്ക്, സംഗീത ജലധാരകൾ, കണ്ണാടി തൂക്കുപാലം, സീപ്ലെയിൻ ഉൾപ്പടെ ഒരുക്കനാണ് ലക്ഷ്യമിടുന്നത്.

ഇതിനായി ജലസേചന വകുപ്പിന്റെ 52 ഏക്കർ ഭൂമി ഉപയോഗപ്പെടുത്തും. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഏജൻസി വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. അടുത്തമാസമാണ് പദ്ധതിയുടെ നിർമാണ ഉത്ഘാടനം നിശ്ചയിച്ചിരിക്കുന്നത്.

✪✪✪

കോഴിക്കോട് താമരശ്ശേരിയിൽ പനിയും ഛർദ്ദിയുമായി ചികിൽസ തേടിയ ശേഷം മരിച്ച ഒമ്പതുകാരിയ്ക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരികരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിലെ ലാബ് പരിശോധയിലാണ് രോഗം സ്ഥിരീകരിച്ചത്.

താമരശേരി താലൂക്ക് ആശുപത്രിയിൽ നിന്നും മെഡിക്കൽ കോളെജിലേക്ക് റഫർ ചെയ്ത വിദ്യാർഥിനിയാണ് കഴിഞ്ഞ ദിവസം മരിച്ചത്. കുട്ടി പ്രദേശത്തെ കുളത്തിൽ മുങ്ങിക്കുളിച്ചതായി ആരോഗ്യ പ്രവർത്തകർക്ക് വിവരം ലഭിച്ചിരുന്നു.

✪✪✪

തൃശൂർ- എറണാകുളം ദേശീയ പാതയിൽ ഇന്നലെ രാത്രി ആരംഭിച്ച ഗതാഗതക്കുരുക്ക് ഇനിയും നിയന്ത്രിക്കാനായിട്ടില്ല. മുരിങ്ങൂരിൽ കിലോമീറ്ററുകളോളം വാഹനങ്ങൾ കുടുങ്ങി ക്കിടക്കുകയാണ്.

✪✪✪

രാമായണ മാസാചരണത്തിന് ഇന്ന് സമാപനമാകും. കർക്കിടകം ഒന്നിന് ക്ഷേത്രങ്ങളിലും വീടുകളിലും ആരംഭിച്ച രാമായണ പാരായണം പൂർത്തിയാകുന്നതിനൊപ്പം, നാലമ്പല ദർശനങ്ങളും ഇന്ന് അവസാനിക്കും.

നാളെ ചിങ്ങം ഒന്നിന് ഓണമാസ തുടക്കമാകും. ഈ മാസം 26 നാണ് അത്തം. ഇതോടെ പൂക്കളവും പൂവിളിയുമായി മലയാളത്തിന്റെ ഓണാഘോഷത്തിന് തുടക്കമിടും.

✪✪✪

വട്ടവടയിൽ വെളുത്തുള്ളിയുടെ വിളവെടുപ്പ് കാലം തുടരുന്നു. വെളുത്തുള്ളി സീസൺ രണ്ട് മാസം കൂടി തുടരും.

ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണയുടെ റിപ്പോർട്ട്.

......(വോയ്സ്)......

ഭൗമസൂചികാ പദവിയുടെ പ്രൗഡിയുണ്ട് വട്ടവടയിലെ വെളുത്തുള്ളിക്ക്. ഗുണം കൊണ്ടും മണം കൊണ്ടും ഒന്നാംനിരയിലാണ് വട്ടവട വെളുത്തുള്ളിയുടെ സ്ഥാനം. കൃഷിയിറക്കിയ വെളുത്തുള്ളി മൂപ്പെത്തിയതോടെ വട്ടവടയിൽ ഇപ്പോൾ വെളുത്തുള്ളിയുടെ വിളവെടുപ്പ് പൊടിപൊടിക്കുകയാണ്. പോയ വർഷം വെളുത്തുള്ളിക്ക് 500 മുതൽ 600 രൂപ വരെ കിലോക്ക് വില ലഭിച്ചിരുന്നു. എന്നാൽ ഇത്തവണ വില പാതിയായി കുറഞ്ഞത് കർഷകർക്ക് നിരാശ സമ്മാനിക്കുന്നുണ്ട്. ഒരു വർഷം ഒന്നിലേറെ തവണ കർഷകർ വെളുത്തുള്ളി കൃഷി ചെയ്യാറുണ്ട്. ഇത്തവണത്തെ വിളവെടുപ്പ് ആരംഭിച്ചിട്ട് ഒരു മാസക്കാലത്തിലധികമായി. വിളവെടുപ്പ് രണ്ട് മാസക്കാലം കൂടി നീളും.

✪✪✪

മണിയൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന പൊതു കളിക്കളത്തിന്റെ നിർമാണപ്രവൃത്തി ഇന്ന് മന്ത്രി V.അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്യും. മണിയൂർ ഗ്രാമപഞ്ചായത്ത് കായിക വകുപ്പ് ഫണ്ടും MLA ഫണ്ടും ഉപയോഗിച്ച് കുന്നത്തുകര കുടുംബാരോഗ്യ കേന്ദ്രത്തിന് സമീപമാണ് സ്റ്റേഡിയം നിർമ്മിക്കുന്നത്.

✪✪✪

ചാലിപ്പുഴയ്ക്ക് കുറുകെ കോടഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ചെമ്പുകടവിൽ നിർമിച്ച പാലം ഇന്ന് നാടിന് സമർപ്പിക്കും. മന്ത്രി PA മുഹമ്മദ് റിയാസ് വൈകിട്ട് പാലം തുറന്ന് കൊടുക്കും.

✪✪✪

ചിങ്ങമാസ പൂജകൾക്കായി ശബരിമലയിൽ വൈകിട്ട് അഞ്ചിന് നട തുറക്കും. ശബരിമല കീഴ്ശാന്തി നറുക്കെടുപ്പ്, പമ്പ ഗണപതിക്ഷേത്രം മേൽശാന്തി നെറുക്കെടുപ്പ് എന്നിവ നാളെ നടത്തും.

✪✪✪

ഡ്യുറന്റ് കപ്പ്  ഫുട്ബോൾ ക്വാർട്ടർ മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. ഇന്ന് രണ്ട് മത്സരങ്ങളുണ്ട്. വൈകിട്ട് നാലിന് ആദ്യ മത്സരത്തിൽ ഷില്ലോങ്ങ് ലാജോങ്ങ്, ഇന്ത്യൻ നേവിയെയും, രാത്രി എട്ടിന്, നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ബോഡോ ലാൻഡ് FC യെയും നേരിടും.

✪✪✪

*News Editor:ശ്രുതി എം*
*News Reader: രജിന കെ*
*NRT:അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*